(ബി) നിലവിലുള്ള കെ. ആർ. ആർ. ആക്ടിൽ ബോട്ട്-ഇൻ-ലാന്റ് തിരികെ കൊടുക്കുന്നതിനുള്ള വ്യവസ്ഥയില്ല. എന്നിരുന്നാലും 30-6-65-ലെ ജി.ഒ. (എം. എസ്.) 578/Rev. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ഇതിനെ തുടർന്നുള്ള 9-2-68-ലെ ജി.ഒ. (എം. എസ്.) നമ്പർ 68/68/RD.-യും 22-3-96-ലെ ജി.ഒ. (എം. എസ്.) നമ്പർ 196/96/RD.-യും സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിലും കുടിശ്ശികക്കാർ കടബാധ്യത തീർത്ത് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഭൂമി തിരികെ കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അത് പരിശോധിച്ച് അവയുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ അവർക്ക് ഭൂമി തിരികെ കൊടുക്കുന്നുണ്ട്.

(സി) പരിഗണിച്ചുവരുന്നു.

സംസ്ഥാനത്തിന് പുറത്ത് എസ്.എസ്.എൽ.സി. പരീക്ഷാ ഡ്യൂട്ടിക്ക് തെരഞ്ഞെടുക്കുന്ന മാനദണ്ഡം

*4 [490] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് പുറത്ത് എവിടെയെല്ലാം എസ്. എസ്. എൽ. സി. പരീക്ഷ നടത്തിവരുന്നു;

(ബി) പ്രസ്തുത പരീക്ഷ നടത്തുന്ന സെന്ററുകളിൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നീ നിലകളിൽ സംസ്ഥാനത്തെ സ്കൂളുകളിൽ നിന്ന് അദ്ധ്യാപകരെ അയയ്ക്കാറുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ അയയ്ക്കുന്നു;

(സി) അവർക്ക് നൽകുന്ന പ്രതിഫലമെത്ര;

(ഡി) അവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ഇ) ഇക്കാര്യത്തിൽ എന്തെങ്കിലും ഗൈഡ്ലൈൻ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഗൈഡ് ലൈൻ ഉണ്ടാക്കുമോ;

(എഫ്) അതിനുവേണ്ടി ലഭിക്കുന്ന അപേക്ഷകരുടെ സീനിയോറിറ്റി പ്രധാന മാനദണ്ഡമായി പരിഗണിക്കാൻ നിർദ്ദേശം നല്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) സംസ്ഥാനത്തിന് പുറത്ത് ഗൾഫ് നാടുകളിൽ 16 സെന്ററുകളിലും ലക്ഷദ്വീപിൽ 9 സെന്ററുകളിലും എസ്.എസ്.എൽ.സി. പരീക്ഷ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഗൾഫ് നാടുകളിൽ 16 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെയും ലക്ഷദ്വീപിൽ 9 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെയും 18 ഇൻവിജിലേറ്റർമാരേയും പരീക്ഷാ ജോലികൾക്കായി അയയ്ക്കാറുണ്ട്.

(സി) ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിന് 34 രൂപയും ഇൻവിജിലേറ്റർക്ക് 28 രൂപയും പ്രതിദിനം പ്രതിഫലമായി നൽകുന്നു.

(ഡി, ഇ ആന്റ് എഫ്) 21-2-2002-ലെ ജി.ഒ. (ആർ.റ്റി)4257/02/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് അവരെ തെരഞ്ഞെടുക്കുന്നത്. സീനിയോറിറ്റി, നിഷ്പക്ഷമായി പരീക്ഷാ ജോലി ചെയ്യുന്നതിലുള്ള വിശ്വസ്തത, ഉത്തരവാദിത്വബോധം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കാറുള്ളത്.

സ്കൂൾ കുട്ടികൾക്കായുള്ള പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി

*5 [491] ശ്രീ. എ. സി. മൊയ്തീൻ :
,, ടി. പി. രാമകൃഷ്ണൻ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങൾക്കെതിരെ സ്കൂൾ കുട്ടികൾക്കായുള്ള ഒരു പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഏത് ഇൻഷ്വറൻസ് കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഈ പദ്ധതിയുടെ വാർഷിക പ്രീമിയം എത്ര;

(ഡി) 2004-05 സാമ്പത്തിക വർഷത്തിൽ വാർഷിക പ്രീമിയം അടച്ചിട്ടുണ്ടോ;

(ഇ) 2003-04-ലെ എത്ര കുട്ടികൾക്ക് ഇൻഷ്വറൻസ് തുക ലഭ്യമാക്കിയിട്ടുണ്ട്; ലഭിച്ച തുക എത്ര;

(എഫ്) 2003-04-ൽ അടച്ച വാർഷിക പ്രീമിയം എത്ര;

(ജി) 2004-05 സാമ്പത്തിക വർഷം ഇതുവരെ എത്ര കുട്ടികൾക്ക് ഇൻഷ്വറൻസ് തുക ലഭിച്ചു; ആകെ എന്ത് തുകയാണ് ലഭിച്ചത്;

(എച്ച്) ഈ പദ്ധതി തുടർന്നുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) സ്റ്റുഡന്റ്സ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് എന്ന ഒരു പദ്ധതി സ്കൂൾ കുട്ടികൾക്കായി ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly